**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമാരായിരുന്ന ശ്രീമതി. പ്രൻസി റ്റി.എസ്., ശ്രീമതി. തുളസിഭായ് കെ.ടി, ശ്രീമതി. ഷീന എം.സി. എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷകൾ - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.3149/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/12/2018**

---

പരാമർശം:- 1 സ.ഉ.(സാധാ) നം.3301/14/തസ്വഭവ തീയതി 12.12.2014

2 ശ്രീമതി. പ്രൻസി റ്റി.എസ്., ശ്രീമതി. തുളസിഭായ് കെ.ടി. എന്നിവർ തീയതി രേഖപ്പെടുത്താതെയും, ശ്രീമതി. ഷീന എം.സി. 14.12.2015-ലും സമർപ്പിച്ച അപ്പീൽ അപേക്ഷകൾ

3 പഞ്ചായത്ത് ഡയറക്ടറുടെ 18.01.2016-ലെ ഡി7-16467/13നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമാരായ ശ്രീമതി. പ്രൻസി റ്റി.എസ്., ശ്രീമതി. തുളസിഭായ് കെ.ടി, ശ്രീമതി. ഷീന എം.സി. എന്നിവരുടെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ 6 മാസത്തേയ്ക്ക് തടഞ്ഞുകൊണ്ട് പരാമർശം (1) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീമതി. പ്രൻസി റ്റി.എസ്. , ശ്രീമതി. തുളസിഭായ് കെ.ടി, ശ്രീമതി. ഷീന എം.സി. എന്നിവർ പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഉദ്യോഗസ്ഥർ സമർപ്പിച്ച അപ്പീൽ അപേക്ഷകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ അപ്പീൽ അപേക്ഷ സമയപരിധി കഴിഞ്ഞ് സമർപ്പിക്കപ്പെട്ടതിനാൽ നിരസിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.സി.എസ്.(സി.സി.&എ) ഭാഗം 7 ചട്ടം 35 പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 2 മാസമാണ്. ശ്രീമതി. പ്രൻസി റ്റി.എസ് . , ശ്രീമതി. തുളസിഭായ് കെ.ടി, ശ്രീമതി. ഷീന എം.സി. എന്നിവർ സമയപരിധി കഴിഞ്ഞതിനുശേഷമാണ് അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്നു കാണുന്നു. ഈ സാഹചര്യത്തിൽ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമാരായ ശ്രീമതി. പ്രൻസി റ്റി.എസ്., ശ്രീമതി. തുളസിഭായ് കെ.ടി, ശ്രീമതി. ഷീന എം.സി. എന്നിവർ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷകൾ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹൻദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീമതി. പ്രിൻസി റ്റി.എസ്, ക്ലാർക്ക്, വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. ശ്രീമതി. ഉളസിഭായ് കെ.ടി, ക്ലാർക്ക്, വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ശ്രീമതി. ഷീന എം.സി, മുൻ ക്ലാർക്ക്, വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്

   (നിലവിൽ ക്ലാർക്ക്, താലൂക്ക് ഓഫീസ്, തൃശ്ശൂർ)

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/175/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ